(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിലുള്ള ഒ.പി. 13422/99 എന്ന കേസുമായി ബന്ധപ്പെട്ട് അപ്രകാരം ബോധിപ്പിച്ചിട്ടുണ്ട്. ബോർഡിന്റെ വാർഷിക കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ സാക്ഷ്യപത്രത്തോടുകൂടി സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും ഇപ്രകാരം സമർപ്പിക്കപ്പെട്ട കണക്കുകൾ ഗവൺമെന്റ് തന്നെ നിയമാനുസരണം പ്രസിദ്ധീകരിക്കേണ്ടതാണെന്നും ന്യായവിലക്ക് ഇതിന്റെ പകർപ്പുകൾ വില്പനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും നിയമം വ്യവസ്ഥ ചെയ്യുന്നതായും കൂടി ബോധിപ്പിക്കുകയുണ്ടായി. 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് സെക്ഷൻ 69 പ്രകാരം ബോർഡ് അതിന്റെ വാർഷിക കണക്കുകൾ ഗവൺമെന്റിനും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിക്കും സമർപ്പിക്കണമെന്നും പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കണമെന്നും മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് നിബന്ധനയില്ല.

(ഡി) 1998-99, 1999-2000 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളാണ് ബോർഡ് ഇനി പ്രസിദ്ധീകരിക്കാനുള്ളത്. അതിൽ 1998-99 വർഷത്തിലെ കണക്കിന്റെ എ.ജി.യുടെ ആഡിറ്റ് പൂർത്തിയായി, ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് പ്രസിദ്ധീകരിക്കാത്തത്. 1999-2000 വർഷത്തെ വാർഷിക കണക്കിന്മേലുള്ള എ.ജി.യുടെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു. വരുമാനകമ്മി ഒരുപരിധിവരെ കുറയ്ക്കാനാണ് കാലാകാലങ്ങളിൽ നിരക്കുകൾ പരിഷ്ക്കരിക്കേണ്ടി വരുന്നത്. വരുമാന കമ്മിയുടെ പ്രധാനകാരണം വൈദ്യുതിയുടെ ഉല്പാദനച്ചെലവിലും വില്ക്കുന്ന വിലയിലും ഉണ്ടാകുന്ന കാര്യമായ അന്തരമാണ്. താപ-ജല വൈദ്യുതിയുടെ ഉല്പാദന/ഉപഭോഗത്തിലെ അനുപാതത്തിലുണ്ടായ വ്യത്യാസവും കാരണമായിട്ടുണ്ട്.

ഡെപ്പോസിറ്റ് തുകയ്ക്ക് പലിശ

76 (1228) ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് പലിശ നൽകുന്നുണ്ടെങ്കിൽ 1996-97 മുതൽ നൽകിയ പലിശ തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പലിശ തുകയിൽ എത്ര രൂപയാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും സെക്യൂരിറ്റി ഡിപ്പോസിറ്റിന് ഏറ്റവും കൂടുതൽ പലിശ തുക ലഭിച്ച ഉപഭോക്താക്കളുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് പലിശ നൽകുന്നില്ല.

(ബി&സി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly